ഉത്തരം

(എ&ബി) സർക്കാർ വക ഭൂമി കായംകുളം മുൻസിപ്പാലിറ്റിയിലോ സമീപപ്രദേശത്തോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അതിനാൽ കായംകുളത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണം ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) കെട്ടിടം പണിയാൻ ആവശ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഐ.ടി.സി.കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ്

22 (247) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ടി. സി. കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപന്റ് യഥാസമയം വിതരണം ചെയ്യുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്ര മാസത്തെ സ്റ്റൈപ്പന്റാണ് വിതരണം ചെയ്യാൻ ഉള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവർക്കുള്ള സ്റ്റൈപന്റ് യഥാസമയം വിതരണം ചെയ്യാൻ ഉള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചില പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണം അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിൽ സ്റ്റൈപന്റ് വിതരണം ചെയ്യുന്നതിന് ചില സ്ഥലങ്ങളിൽ അല്പം കാലതാമസമുണ്ടായിട്ടുണ്ട്.

(ബി) വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.സി.കളിൽ വിതരണം ചെയ്യാൻ സ്റ്റൈപന്റ് കുടിശ്ശിക ഇല്ല.

(സി) വകുപ്പിന്റെ കീഴിലുള്ള ഐ. ടി. സി. കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട സ്റ്റൈപന്റ് സാധാരണ യഥാസമയം വിതരണം നടത്തിവരുന്നുണ്ട്. അദ്ധ്യയനവർഷാരംഭത്തിൽ വിദ്യാർത്ഥികളെ പൂർണ്ണമായും (പരമാവധി സീറ്റുകളിലും) പ്രവേശിപ്പിച്ചു കഴിയുമ്പോൾ മാത്രമേ വിദ്യാർത്ഥികളുടെ ലിസ്റ്റ് അംഗീകരിച്ച് നൽകുവാൻ കഴിയുകയുള്ളൂ. ഈ അവസരത്തിലാണ് സ്റ്റൈപന്റ് നൽകുന്നതിൽ അല്പം കാലതാമസം നേരിടുന്നത്.

ഓപ്പൺ സ്കൂൾ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ

23 (248) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പൺ സ്കൂൾ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, പരീക്ഷാഫീസ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുവാൻ നിശ്ചയിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) 2000-2001 അദ്ധ്യയനവർഷത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ഇതിനുവേണ്ടി അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ആയതിലേക്ക് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഓപ്പൺ സ്കൂളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രീഡിഗ്രി/പാരലൽ കോളേജിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന നിരക്കിൽ വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് ജില്ലാ ഓഫീസർമാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിന് നടപടി

24 (249) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിച്ചിട്ടുണ്ട് ; എവിടെയൊക്കെ ;

(ബി) റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിന്റെ മാനദണ്ഡം എന്താണ് ;

(സി) പട്ടികജാതി/പട്ടികവർഗ്ഗക്കാർ വളരെയധികം താമസിക്കുന്ന മഞ്ചേശ്വരം മണ്ഡലത്തിലെ എൺമക്കുളം പഞ്ചായത്തിൽ ഒരു റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 4 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 16 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും സ്ഥാപിച്ചിട്ടുണ്ട്. വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു†.

† അനുബന്ധം XI.

LIBRARY ARCHIVES Kerala Legislative Assembly